# ജാമക്കാരൻ
# JAMAKKARAN

VOLUME - 8 Reg NO.TNBIL/2016/70171 ISSUE - 3
MARCH - 2024 TAMIL & MALAYALAM
ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21)
പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1കൊരി:2:15)
(ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല - ത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com
Mob.: No. 9894261333

കർത്താവിൽ പ്രിയ വായനക്കാർക്ക്



ഈ മാസവും ജാമക്കാരൻ ഇറക്കാൻ ദൈവം സഹായിച്ചു. നിങ്ങൾക്കെല്ലാവർക്കു വേണ്ടിയും ഞാനും എന്റെ ഭാര്യയും പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നു,

ഈ മാസം എഴുതുന്ന വിഷയം ചിലരുടെ മനസ്സിൽ പ്രയാസം ഉണ്ടാക്കും എങ്കിലും വിവരങ്ങൾ നിങ്ങൾ അറിയണം. അവസാനകാലത്തിൽ കള്ളദൈവവേലക്കാരും പ്രവാചകന്മാരും പുറപ്പെടും എന്ന് ദൈവം യേശു മുഖാന്തരം പറഞ്ഞിരിക്കുന്നു.

സ്വർഗ്ഗരാജ്യത്തെക്കുറിച്ച് വിവരങ്ങൾ പറയുമ്പോൾ അവസാനകാലത്തെക്കുറിച്ചും യേശു വിവരിച്ചു പറയുന്നു. സ്വർഗ്ഗം വേറെ സ്വർഗ്ഗരാജ്യം വേറെ. സ്വർഗ്ഗരാജ്യം എന്നു പറയുന്നത് നമ്മളെക്കുറിച്ചാണ്. അത് തുടർന്നുള്ള മാസികകളിൽ ഞാൻ വിവരിച്ചു പറയും.

ജാമക്കാരൻ JAMAKKARAN

## MARCH - 2024

അടുത്തകാലത്ത് തമിഴ്നാട്, ഇന്ത്യ മുഴുവനും, ലോകം മുഴുവനും സംസാരിക്കുന്ന പ്രധാന വിഷയം യേശു വിളിക്കുന്നു കുടുംബത്തിലെ പ്രശ്നങ്ങളെക്കുറിച്ചാണ്. നേരത്തേ പോൾ ദിനകരന്റെ കോളേജിലും വീട്ടിലും ആദായനികുതി റെയ്ഡ് നടത്തി 125 കോടി രൂപ പിടിച്ചു.ഏകദേശം 5 Kg തങ്കക്കട്ടികൾ പിടിച്ചെടുത്തു. ഇപ്പോൾ അദ്ദേഹത്തെ ജയിലിൽ അടക്കേണ്ടതാണ്. BJP രാഷ്ട്രീയക്കാർക്ക് ഒരു വലിയ തുക കൊടുത്താൽ പ്രശ്നം പുറത്തു വരാതെ നിർത്തിവെച്ചത്.. അങ്ങനെയാണ് പല രാഷ്ട്രീയക്കാർക്കും BJP പേടി വരുന്നത്. പാർട്ടി മാറി വോട്ടു ഇടുന്നു. പൂർണ്ണ വിശ്വാസത്തോടിരുന്ന പാർട്ടി നേതാക്കളും മന്ത്രിമാരും പാർട്ടി മാറുന്നു.

ആദായനികുതിയും പോലീസും കോടതിയിൽ ഒരു വിഭാഗം ജഡ്ജിമാരും BJP യുടെ **അടിമയായി മാറിപ്പോയി.** ഇവരോടുകൂടെ **ഇലക്ഷൻ അധികാരികളും** മാറിപ്പോയി. അതാണ് നമ്മുടെ ഉള്ളിൽ ഇന്ത്യദേശം ഈ പ്രാവശ്യവും ഇലക്ഷനിൽ BJP **ഭരിക്കുമോ** എന്നു വിഷമിച്ചിരിക്കുന്നു. ഈ പ്രാവശ്യം BJP വന്നാൽ **ഏകാധിപതിയായി മോദി** മാറും. ഇതു ദേശത്തുള്ള രാഷ്ട്രീയ നിരീക്ഷകൻ പറയുന്നതാണ്.

മുകളിൽ പറഞ്ഞ അടിസ്ഥാനത്തിൽ **പോൾ ദിനകരന്റെ കേസും കോടികളും തങ്കക്കട്ടികളും** പിടിച്ചിട്ട് എന്തു **നടപടി എടുത്തു എന്നു** ചോദിച്ചാൽ ശബ്ദമില്ലാതിരിക്കുന്നു. അതിന്റെ ശേഷം യേശു വിളിക്കുന്നു. മിനിസ്ട്രി മുഴുവനും നശിച്ചുപോയി. ഇതോടെ ആറുമാസത്തിനുമുമ്പ് പോൾ ദിനകരന്റെ ഭാര്യ ഇവാഞ്ചലിൻ പ്രസംഗ വീഡിയോ പുറത്തിറക്കി. അതിൽ അവർ കരഞ്ഞു കൊണ്ടു പറഞ്ഞത് മക്കൾക്ക് ദേഷ്യം തോന്നിയില്ല. പക്ഷെ ഇത്രകാലം വഞ്ചിക്കപ്പെട്ടു. എന്ന വിഷമം ഉണ്ടായി. ഞാൻ പറയുന്ന ഈ വിഷയങ്ങൾ U-tube ൽ പോൾ ദിനകരൻ ഇവാഞ്ചലിൻ എന്നു ടൈപ്പ് ചെയ്താൽ അടുത്ത് ചെയ്ത പ്രസംഗങ്ങൾ എല്ലാം കേൾക്കാം.

അതിൽ ഇവാഞ്ചലിൻ പറയുന്നത് യേശു വിളിക്കുന്നു ദൈവവേലയെ ജനങ്ങൾ തെറ്റിദ്ധരിച്ചിരിക്കുന്നു. അതു പണക്കാരുടെ ദൈവവേലയാണ്.



കോടിക്കോടിയായി പണം നിറഞ്ഞിരിക്കുന്നു. അതുകൊണ്ട് അവരുടെ ദൈവവേലക്ക് ആരും പണം അയക്കരുത് പാവപ്പെട്ട ദൈവവേലക്കാരുടെ വേലക്ക് പണം അയക്കണം. ഈ കൂട്ടത്തിൽ ഇപ്പോൾ ഞാൻ പറയുന്നത് നിങ്ങൾ വിശ്വസിക്കണം. ഞാൻ **ദൈവത്തിന്റെയും** നിങ്ങളുടെയും മുമ്പിൽ സത്യം പറയുന്നു. വാസ്തവത്തിൽ ഞങ്ങളുടെ **ബാങ്കിൽ പണം ഇല്ല.** നിങ്ങൾ വിശ്വസിക്കണമെങ്കിൽ നിങ്ങളിൽ ചിലർ ഞങ്ങളുടെ വീട്ടിൽ വരണം. ഞങ്ങളുടെ **പാസ്സ്ബുക്ക് കാണണം.** അതിൽ **ബാലൻസ് പൂജ്യം** ആണ്. ഇത് കേൾക്കുമ്പോൾ നിങ്ങൾക്ക് അതിശയം തോന്നാം. ഇവർ എങ്ങനെ കുടുംബത്തെ നടത്തുന്നു എന്ന്. ഞങ്ങൾ നടത്തിയിരുന്ന യേശു വിളിക്കുന്നു യോഗങ്ങൾ **നിർത്തി നടത്താൻ പണമില്ല.** ഇതു ഒരു വീഡിയോ. ഉടനേ ധാരാളം പേർ അതിനെ വിമർശിക്കാൻ തുടങ്ങി. ഏതു ബാങ്കിലും കുറഞ്ഞത് 2000 രൂപ **ബാലൻസ്** ഉണ്ടായിരിക്കണം എന്നു നിയമം ഉണ്ട്. അക്കവുണ്ട് അവസാനിപ്പി ക്കുമ്പോൾ അതിന്റെ പകുതി തുക നിങ്ങൾക്കു തരും. മാത്രമല്ല ഒരു ബാങ്ക് മാനേജർ എഴുതിയിരിക്കുന്നു. എനിക്ക് ഇവാഞ്ചലിൻ കുടുബത്തെ നല്ലവണ്ണം അറിയാം. D. S. G. ന്റെ കാലം മുതൽ അറിയാം. ഇവാഞ്ചലിന്റെ പേരിൽ മാത്രം **5 ബാങ്കിൽ അക്കവുണ്ട് ഉണ്ട്.** എതു ബാങ്കിൽ ഉള്ള '0' ബാലൻസ് കാണിച്ചു ? പോൾ ദിനകരൻ കുടുംബത്തിൽ പിള്ളാർ എല്ലാവർക്കും രണ്ടുബാങ്കിൽ വീതം അക്കവുണ്ട് ഉണ്ട് ATM കാർഡ് ഉണ്ട്. മദ്രാസിൽ തന്നെ ഇവർക്കു സ്വന്തമായി 11 കെട്ടിടങ്ങൾ ഉണ്ട്. അതിന്റെ **വാടക** തന്നെ **കോടികൾ** ആണ്. **''വാനഗരം''** എന്ന പേരിൽ മദ്രാസിൽ ധാരാളം ആളുകൾ കൂടുന്ന ഒരു കൺവെൻഷൻ മണ്ഡപം ഉണ്ട്. ഒരുദിവസം വാടകക്ക് എടുത്താൽ 15 ലക്ഷം കൊടുക്കണം. ഇത്രനാൾ അതിൽ നിന്നു കിട്ടിയ വരുമാനം പല കോടികൾ ആണ്. എല്ലാവിധ പരിപാടികൾക്കും ക്രിസ്തീയമല്ലാത്ത എല്ലാ പരിപാടികൾക്കും കൊടുക്കും. ആ കെട്ടിടം 99 വർഷത്തിന് ഒരു വലിയ പാർട്ടിക്ക് **പണയത്തിനു**

കൊടുത്തിരിക്കുന്നു. പണയത്തിനു വിട്ടതിന്റെ വരുമാനം എത്രയെന്ന് അറിയില്ല. പല കോടികൾ പണമായിത്തന്നെ വാങ്ങി ആദായനികുതി ഡിപ്പാർട്ടുമെന്റി നുവേണ്ടി ചെക്ക് ആയി വാങ്ങിയ തുക ഇതെല്ലാം ചേർത്ത് പല മില്യൺ, പണത്തിൽ ഇവർക്കു വന്നു ചേർന്നിരിക്കുന്നു. ഹൈക്കോടതിയുടെ എതിർവശത്തുള്ള പ്യാരി ബിൽഡിംഗ് 16 നിലക്കെട്ടിടം, അതിൽ പകുതി ഇവരുടെ സ്വന്തമാണ്. ഒരുനിലയിൽമാത്രം 16 കമ്പനികൾക്കു വാടകക്കു കൊടുത്തിരിക്കുന്നു. ബാങ്കുകൾക്കു വാടകക്കു കൊടുത്തിരിക്കുന്നു. ഇതിലെല്ലാം ഒന്നാം തീയതി മാറാതെ വാടക വന്നു ചേർന്നുകൊണ്ടിരിക്കുന്നു. പക്ഷെ **ഇവാഞ്ചലിൻ** ഞങ്ങളുടെ ബാങ്കിൽ **പൂജ്യം ബാലൻസ്** ആണ് എന്നു പറയുന്നു.

ഞങ്ങൾ കഴിഞ്ഞ മൂന്നു മാസത്തിനുമുമ്പു **ക്യാനഡാപോയി.** വിമാനത്താവളത്തിൽ നിന്നു കൂട്ടിക്കൊണ്ടുപോകാൻ ആരുമില്ല. ഞങ്ങൾ ഒരു കാർ പിടിച്ചുപോയി. ഇറങ്ങിയ ഉടനേ ഞങ്ങൾക്കു വീട് ഒന്നും കിട്ടിയില്ല. പിന്നെ ഒരു **ലോഡ്ജിൽ** ഞങ്ങൾ ഏകദേശം 11 ദിവസം താമസിച്ചു അവിടെനിന്നുകൊണ്ട് വീട് കിട്ടാൻ ശ്രമിച്ചു കിട്ടിയില്ല. ഞാൻ കരഞ്ഞു പ്രാർത്ഥിച്ചു. ഒരു ദിവസം രാത്രി പ്രാർത്ഥിച്ചുറങ്ങിയപ്പോൾ രാത്രി 2 മണിക്ക് എന്നെ ഉണർത്തി. നീ ഒരു വീടും കാറും ചോദിച്ചല്ലോ ഏതു തരത്തിലുള്ള കാറു വേണം കമ്പനിയും നിറവും പറ എന്നു പറഞ്ഞു ഉടനേ കിടക്കയിൽ നിന്നെണീറ്റു മുറിയിൽ നിന്ന് ഹാളിലേക്കുവന്നു. അവിടെ കാറുകളുടെ ഒരു ക്യാറ്റ് ലോഗ് ഉണ്ടായിരുന്നു. ഉടനെ **ദൂതൻ** പറഞ്ഞു എനിക്കു വേഗം പോണം പെട്ടെന്നു പറ എന്നു പറഞ്ഞു. ക്യാറ്റ്ലോഗിൽ ഉണ്ടായിരുന്ന ഒരു കാറും നിറവും ചൂണ്ടിക്കാണിച്ചു. ശരി നിനക്ക് ആഗ്രഹിച്ച കാറും വീടും കിട്ടും എന്നു പറഞ്ഞിട്ടു ദൂതൻ പോയി. വീണ്ടും ഞാൻ വന്നു കിടന്നു. പിറ്റേദിവസം രാവിലെ എന്റെ ഭർത്താവ് എന്നോടു ചോദിച്ചു. ഇവിടെ വന്നതുമുതൽ ഒരു കാറു വേണം എന്നു നീ ചോദിച്ചില്ലേ ഇന്നു നമുക്കു നിനക്കിഷ്ടപ്പെട്ട കമ്പനിയിൽ പോയി നിനക്കിഷ്ടപ്പെട്ട കാറ് വാങ്ങിത്തരും. രണ്ടുമൂന്നു വീടുകൾ ഗവൺമെന്റ് ബ്രേക്കേഴ്സ് പറഞ്ഞിരിക്കുന്നു. അതുപോയിക്കാണാം **പുത്തൻ കാറുവാങ്ങി**

അതിൽ വീടു കാണാൻ പോയി. ആദ്യം കണ്ട വീടു ഇഷ്ടപ്പെട്ടു. അതു ബുക്കു ചെയ്തു. അപ്പോൾത്തന്നെ താക്കോൽ എനിക്കു തന്നു. ഞങ്ങൾ ഇഷ്ടപ്പെട്ടതുപോലെ ധാരാളം മുറികളും സ്വിമ്മിംഗ് പൂളുകളും ഉള്ള വീട്. ദൈവം ഞങ്ങൾക്കു കൃപയായി തന്നു. ദൂതൻ രാത്രിയിൽ പറഞ്ഞത് എന്റെ ഭർത്താവിന്റെ മനസ്സിൽ എങ്ങനെ അറിഞ്ഞു എന്ന് അറിഞ്ഞുകൂട. ഞങ്ങൾ ആഗ്രഹിച്ചതിൽ ഉപരിയായി ദൈവം ഞങ്ങൾക്കു നല്കി.

**ജാമക്കാരൻ:**– മുകളിൽ വായിച്ച ഇവാഞ്ചലിന്റെ കാറിനു വേണ്ടിയുള്ള കരച്ചിലും കാറും, വീടും കിട്ടിയ വിവരവും നിങ്ങൾ വായിച്ചു ഇവരുടെ കള്ളത്തിന്റെ വിവരം ഞാൻ പറയുന്നു. നേരത്തേ നാലുപ്രാവശ്യം കാനഡായിൽ കൺവെൻഷൻ നടത്തി. മലയാളികളും തമിഴ്നാട്ടുകാരും യോഗത്തിൽ സംബന്ധിച്ചു. ധാരാളം പേർക്ക് യേശു വിളിക്കുന്നു മാസിക കിട്ടിക്കൊണ്ടിരിക്കുന്നു. കാനഡായിൽ ഇറങ്ങിയ ഉടനേ കൂട്ടിക്കൊണ്ടുപോകാൻ ആരുമില്ല എന്നു പറഞ്ഞതുതന്നെ **കള്ളം.** നാലുപ്രാവശ്യം നടന്ന യോഗത്തിൽ ഇവർ താമസിച്ച മലയാളികളുടെ വീട് എനിക്കും പരിചയം ഉണ്ട്. **ഞാൻ കാനഡായിൽ** യോഗം നടത്തിയപ്പോൾ ഒരു വീട്ടിൽ ഞാനും താമസിച്ചിട്ടുണ്ട്. ഇത്രപേരേ പരിചയം ഉള്ളപ്പോൾ തമിഴും മലയാളവും മാസിക വായിക്കുന്ന വായനക്കാർ ഉണ്ട്. ഇവരിൽ ആരുടെയും ഫോൺ നമ്പർ ഇവരുടെ കയ്യിൽ ഇല്ലേ. തന്റെ വീട്ടിൽ താമസിക്കണം എന്ന കൊതിയോടെ കാത്തിരുന്നവർ ധാരാളം പേർ ഉണ്ട്. കോടികളായി വരുന്ന കാണിക്കകൾ തങ്കക്കട്ടികളാക്കി അതിനെയും ഒളിച്ചുവെച്ച കോടികളെയും പോലീസ് പിടിച്ചശേഷം ആരും ഇവരോടു ബന്ധപ്പെടാറില്ല. ആരേയും ഇവർ വിളിച്ചുമില്ല. രഹസ്യമായി വന്നു ഇറങ്ങി ലോഡ്ജിൽ താമസിച്ചു.

**കാനഡാ** യേശു വിളിക്കുന്നു **പ്രാർത്ഥനാഗോപുരം** തുടങ്ങിയ വിവരം ഫോട്ടോ സഹിതം എല്ലാപേർക്കും അറിയാം ഒന്നാംനിലയിൽ ഒറ്റമുറിയിൽ പ്രാർത്ഥനാഗോപുരം എന്ന പേരിൽ പ്രാർത്ഥന ഏർപ്പാടുകൾ ചെയ്തിരുന്നു. മറ്റു മുറികളെല്ലാം താമസിക്കാനുള്ള മുറികൾ. **പ്രാർത്ഥനാഗോപുരത്തിന്റെ** കാര്യങ്ങൾ നോക്കാൻ ഒരു കുടുംബം ഉണ്ട്. പ്രാർത്ഥനാഗോപുരത്തിനുവേണ്ടി

വാങ്ങിയ ഒരു കാറും ഉണ്ടായിരുന്നു. അതെല്ലാം എവിടെപ്പോയി ? അതാണെന്റെ രണ്ടാമത്തെ ചോദ്യവും വിമർശനവും. വിമാനത്താവളത്തിൽനിന്ന് പ്രാർത്ഥനാഗോപുരത്തിൽ വരാമല്ലോ.

ഇന്ത്യയിൽ ലോഡ്ജിൽ താമസിക്കാൻ ഒരു ദിവസം 18000 രൂപ കൊടുക്കുന്നു **കാനഡയിൽ** ഹോട്ടലിൽ എത്ര രൂപ കൊടുക്കണം ? ഏകദേശം 300, 400 **ഡോളർ ഒരു** ദിവസത്തിനു കൊടുക്കണം. ഈ പൂജ്യം **ബാങ്ക് ബാലൻസ്** ഉള്ള ഇവാഞ്ചലിൻ 300, 400 ഡോളർ എങ്ങനെ കൊടുക്കും ? മുകളിൽ പറഞ്ഞത് മൂന്നാമത്തെ ചോദ്യം. ഇപ്പോൾ എന്തിനു കാനഡായിൽ പോയി ? യോഗത്തിനു തമിഴ് ആളുകളും മലയാളികളും ക്ഷണിച്ചിട്ടില്ല. അപ്പോൾ മകളോടുകൂടെ സമയം ചിലവഴിക്കാൻ പോയതല്ലേ. ഈ വിവരം U-tube ൽ വന്നപ്പോൾ എല്ലാവരും ഞെട്ടിപ്പോയി. പ്രത്യേകം, കാനഡായിൽ ഉള്ള യേശു വിളിക്കുന്നു വായനക്കാർ. പിന്നീട് ചില വിവരങ്ങൾ ഞങ്ങൾക്കു കിട്ടി. **തെക്കേ അമേരിക്കക്കും വടക്കേ അമേരിക്കക്കും** ഇടയിൽ ഒരു ദ്വീപും കൊട്ടാരം പോലെ ഒരു വീടും ഉണ്ട്. അതു വിലക്കുവാങ്ങാൻ കാനഡായിൽ നിന്നു നേരിട്ടുപോയി സംസാരിച്ചു വിലക്കുവാങ്ങി. ഈ വിവരം അറിയണമെങ്കിൽ നിങ്ങളുടെ കംപ്യൂട്ടറിൽ **ഗൂഗിളിൽ** ആ ദ്വീപിനെ നോക്കിയാൽ ആ വിവരങ്ങൾ കാണാം. നാലു മാസത്തിനുമുമ്പ് ഞങ്ങൾ അതിനെ കണ്ടപ്പോൾ വില്പനക്ക് എന്നുകണ്ടു.



ഇപ്പോൾ ഫെബ്രുവരി മാസം വിറ്റു എന്നു എഴുതിയിരിക്കുന്നതു കണ്ടു. യേശു വിളിക്കുന്നു പേരിൽ അതിനെ കാണാം. വിദേശത്ത് വീടു വിലക്കു വാങ്ങുന്നതുതന്നെ വളരെ ചിലവേറിയതാണ്. അപ്പോൾ ഒരു ദ്വീപും അതിലെ കൊട്ടാരംപോലെയുള്ള വീടും വിലക്കുവാങ്ങണമെങ്കിൽ എത്ര **ബില്യൺ ഡോളർ** കൊടുത്തിരിക്കണം ?

മൂത്തമകൾ **"Sharon Dhinakaran"**, പോൾ ദിനകരന്റെ കുടുംബം അവളെ പുറത്താക്കി. മദ്രാസ് WCC കോളേജിൽ പഠിക്കുമ്പോൾ തന്നെ മുസ്ലീം

പയ്യനോടു ഓടിപ്പോയതായി പറയപ്പെട്ടു അതു ശരിയാക്കി വീട്ടിൽ മടങ്ങി വന്നു. തമിഴ്നാട് മുഖ്യമന്ത്രി സ്റ്റാലിന്റെ മൂത്ത സഹോദരന്റെ മകനോട് അവൾക്കു പ്രേമം ഉണ്ടായിരുന്നു. അതിൽ നിന്നു അവളുടെ മനസ്സ് മാറ്റാൻ അവളെ കാനഡായിൽ കൊണ്ടുവിട്ടു. മുഴുകുടുംബവും അവളോടുകൂടെ ചെന്നു താമസിച്ചു സ്റ്റെല്ല ദിനകരൻ, (ബ്രദർ ദിനകരന്റെ ഭാര്യ) മാത്രം പോയില്ല. ചില മാസങ്ങളിൽ അവരെല്ലാരും കുടുംബമായി ചെന്നൈയിൽ താമസമാക്കി. എന്നിട്ടും അവളുടെ ജീവിതം മാറിയില്ല. അവൾ നല്ല ആത്മീക പൈതലായിരുന്നു. അവളുടെ പ്രായമുള്ള പെൺകുട്ടികളെ ആത്മീകത്തിൽ വഴിനടത്തിയവളാണ്. പക്ഷെ അപ്പൻ കുടുംബത്തിനു അടങ്ങാത്തവളായി മാറിയശേഷം പോൾ ദിനകരനു ദേഷ്യം ഉണ്ടായി. ഒരുദിവസം പെട്ടെന്ന് അവളുടെ സാധനങ്ങൾ എടുക്കാൻ പറഞ്ഞു. കാനഡായിൽ കൊണ്ടുവിട്ടു ഇനി നിന്റെ കാര്യം നീ നോക്കണം എന്നു പറഞ്ഞു പോന്നതായി പറഞ്ഞു. ഈ വിവരം മുഴുവനും “റമോല ദിനകരൻ”, U-tube ജീസസ് കാൾസ് **അഭിമുഖത്തിൽ** പറയുന്നു. വായനക്കാർ അതുകാണണമെങ്കിൽ ജീസസ് കാൾസ് സത്യം എന്നു തേടിയാൽ ഇവരുടെ അഭിമുഖസംഭാഷണം കേൾക്കാം. അതിൽ അവർ മാതാപിതാക്കളെ കുറ്റം പറഞ്ഞത് എന്റെ മാതാപിതാക്കൾ ജാതിയെ പ്രധാനമാക്കി നാടാർ ജാതിയിൽ ഞങ്ങൾ നോക്കുന്ന ആളെ നീ കല്യാണം കഴിക്കണം എന്നു വാശി പിടിച്ചതുകൊണ്ടു എനിക്കീഗതി വന്നു. ഇങ്ങനെയുള്ള സംസ്ക്കാരത്തോടു യോജിക്കാൻ എനിക്കു സാധിച്ചില്ല. എനിക്കു ഒരു സ്വന്തം മേൽവിലാസം വേണം. എന്റെ അപ്പന്റെ **പേരിലോ വലിയപ്പന്റെ പേരിലോ** ഞാൻ അറിയപ്പെടാൻ പാടില്ല. **കാനഡായിൽ** താമസിച്ചപ്പോൾ അവിടെ രണ്ടു ബസ്സു കയറി ജോലി തിരക്കി. ജോലിയിൽ ചേർന്ന് ഇപ്പോൾ ഞാൻ കഥയെഴുത്തുകാരിയായും. ഡയറക്ടറായും ഡിഗ്രി എടുത്തു **കാലിഫോർണിയായിൽ** ഒറ്റക്കു ജീവിക്കുന്നു. ഞാൻ ഒരു കമ്പനി തുടങ്ങി അമേരിക്കൻ നിയമപ്രകാരം രജിസ്റ്റർ ചെയ്തു നടത്തുന്നു കൂടുതൽ അറിയാൻ U-tube ൽ നോക്കിയാൽ അവളുടെ വായിൽ നിന്നുതന്നെ കാര്യങ്ങൾ അറിയാം. ഇപ്പോൾ **പൂജ്യം ബാലൻസ്, ഇവാഞ്ചലിൻ കാര്യത്തിലേക്കു കടക്കാം.**

തന്റെ കുടുംബത്തിനു വരുമാനമില്ല എന്നു കരഞ്ഞു കൊണ്ടു ജനങ്ങളുടെ സിംപതിക്കുവേണ്ടി പറഞ്ഞ കള്ളക്കഥകളെ നിങ്ങൾ വായിച്ചു ഇപ്പോൾ ഇന്ത്യയിൽ വലിയ പണക്കാരുടെ ലിസ്റ്റിൽ പതിനൊന്നാമതു പോൾ ദിനകരന്റെ പേരു വന്നിരിക്കുന്നു. ഇവർക്കു പണവരവും ആദ്യം **കാരുണ്യ യൂണിവേഴ്സിറ്റിയിൽ** നിന്നു കോടികൾ ലഭിക്കുന്ന പൊൻ താറാവു ആയിരുന്നു. ആ പണം മുഴുവനും ഈ കുടുംബത്തിന്റെ പേരിലാണു കിട്ടുന്നത്. **കാരുണ്യനഗറിലുള്ള** വീടുകളിൽ താമസിക്കുന്നവർ കൊടുക്കുന്ന വാടകകൾ **ബദസ്ഥാ** കുളത്തിൽ നിന്നു കിട്ടുന്ന കാണിക്കകൾ തമിഴ്നാട്ടിൽ മാത്രം 17 **പ്രാർത്ഥനാഗോപുരവും** കെട്ടിടങ്ങളും ഉണ്ട്. അതിന്റെ വാടകകളും പ്രാർത്ഥനാഗോപുരത്തിന്റെ **കാണിക്കകളും** മാസംതോറും വന്നുകൊണ്ടിരിക്കുന്നു. കേരളത്തിലും **തിരവനന്തപുരത്ത്** പ്രാർത്ഥനാഗോപുരം തുടങ്ങിയതായി അറിഞ്ഞു. വിദേശങ്ങളിൽ 9 രാജ്യങ്ങളിൽ പ്രാർത്ഥനാഗോപുരം നടത്തിക്കൊണ്ടിരിക്കുന്നു. അതിൽ നിന്നു കിട്ടുന്ന വാടക വരുമാനങ്ങൾ പല കോടികളാണ്. **യിസ്രയേലിൽ ജറുസലേമിൽ** പണിതിരിക്കുന്ന പ്രാർത്ഥനാഗോപുരം 27 **നിലകെട്ടിടം** ഒരുവശം മുഴുവനും **ടൂറിസ്റ്റുകൾ** താമസിക്കാനുള്ള സ്ഥലമാണ്. മറ്റേവശം **ലോകപ്രശസ്ത കമ്പനികൾ** ഓഫീസുകൾക്കായി **വാടകക്കു** കൊടുത്തിരിക്കുന്നു. ഒന്നാംനിലയിൽ 24 മണിക്കൂറും വർഷത്തിൽ എല്ലാദിവസവും പ്രവർത്തിക്കുന്ന **ഇന്റർനാഷണൽ റെസ്റ്റോറന്റ്,** അതിൽ തന്നെ ഇവർക്കു ധാരാളം ലാഭം കിട്ടുന്നു. യിസ്രയേലിലും വിദേശരാജ്യ**സംസ്ക്കാരത്തിലുള്ള** ആഹാരം കിട്ടുന്ന **റെസ്റ്റോറന്റ്** ഈ ജീസസ് കാൾസ് റെസ്റ്റോറന്റുതന്നെ. ഇതു നടത്തിക്കൊണ്ടുപോകാൻ ഏകദേശം 800 ജോലിക്കാർ അവിടെത്തന്നെ ഒരു ബ്ളോക്കിൽ **താമസിക്കുന്നു.** ഇതിൽ നിന്നു കിട്ടുന്ന **ബില്യൺ** ഡോളർ വരുമാനം എവിടെപ്പോകുന്നു ? സ്വിറ്റ്സർലാന്റ് ബാങ്കിലും നെതർലാന്റ് ബാങ്കിലും ഇവർക്കു അക്കവുണ്ട് ഉണ്ടെന്ന് അറിയുന്നു. ഇതിന്റെ പ്രധാനകാരണം എല്ലാം സഹോ. D. G.S. ദിനകരൻ തന്നെ. അദ്ദേഹം ഇത്രധാരാളം പണം മകനുവേണ്ടിയും കുടുംബത്തിനുവേണ്ടിയും

ചേർത്തുവെച്ചിട്ടും അദ്ദേഹം മരിച്ചശേഷം ശവസംസ്ക്കാരത്തിനു എന്റെ കയ്യിൽ പൈസയില്ലന്നു പറഞ്ഞു പള്ളിയിൽ ചെന്നു കരഞ്ഞു പ്രാർത്ഥിച്ചു എന്ന് മൈക്കിൽ പറഞ്ഞത് ജനങ്ങൾ കേട്ടു ഞെട്ടിപ്പോയി. ആ ശവസംസ്ക്കാരത്തിൽ പങ്കെടുക്കാൻ വന്ന ആളുകൾ കേട്ടു അവരവർ ദിനകരന്റെ ബോഡിയുടെ തൊട്ടടുത്തിരുന്ന പോൾ ദിനകരന്റെ കയ്യിൽ പണം കൊടുത്തു ആശ്വസിപ്പിച്ചുപോയി. ചിലർ കവറിലും ചിലർ കറൻസിയായും കൊടുത്തത് പോൾ ദിനകരന്റെ പിറകിൽ നിന്നവർ വലിയ ബാഗിലാക്കി കൊണ്ടുപോയി. ദിനകരന്റെ ശവസംസ്കാരത്തിന് പിച്ച ചോദിച്ചതുപോലെയായി എന്നു ഒരു ബിഷപ്പ് പറഞ്ഞു.

ഇപ്പോൾ പുതിയതലമുറക്കുവേണ്ടി യേശു വിളിക്കുന്നു സ്ഥാപനത്തിന്റെ ആരംഭത്തേയും അവസാനത്തേയും ഒരു പേജിൽ ഞാൻ നിങ്ങളോടു പങ്കുവെക്കുന്നു, കാരണം യേശു വിളിക്കുന്നു ആരംഭസ്ഥാപകർ നാലുപേരിൽ മെയിൻ ആൾ ഞാൻ തന്നെ. യേശു വിളിക്കുന്നു റേഡിയോ പരിപാടികൾ ആരംഭിച്ചതും ഞാൻ തന്നെ.യേശു വിളിക്കുന്നു മാസിക യേശു വിളിക്കുന്നു കൺവെൻഷനുകളും ആരംഭിച്ചതും ഞാൻ തന്നെ.

## യേശു വിളിക്കുന്നു സ്ഥാപകൻ സഹോ. D. G. S. ദിനകരൻ അവർകളുടെ ആരംഭകാലചരിത്രം:-



സഹോ. **D. G. S. ദിനകരൻ** അവർകൾ ജനിച്ചത് തിരുനെൽവേലി ഡിസ്ട്രിക്ട്രിൽ **തെങ്കാശി** എന്നുള്ള സ്ഥലത്തിന്റെ അടുത്തുള്ള **ചൊറണ്ട** എന്ന ചെറിയ ഗ്രാമത്തിലാണ്. അപ്പനും അമ്മയും അന്നത്തെക്കാലത്ത് ലോവർ ഗ്രേഡ് റ്റീച്ചറും ഹയർ ഗ്രേഡ് റ്റീച്ചറുമായിരുന്നു. അവർക്കു ജനിച്ചതു ഒറ്റ മകൻ സഹോ. ദിനകരൻ ഗ്രാമത്തിൽ പഠിച്ചു പിന്നെ തിരുനെൽവേലി ജോൺസ് കോളേജിൽ പഠിച്ചു

ഡിഗ്രി പാസ്സായി ബാങ്കിൽ അക്കവുണ്ടെന്റ് ആയി ജോലി ലഭിച്ചു. സഹോ. ദിനകരന്റെ ചിറ്റപ്പൻ മൂലമായി രക്ഷയുടെ അനുഭവത്തിൽ വന്നു. ദൈവവേലയിൽ നല്ല ഭാരമുള്ളവരുമായി മാറി ചെറിയ ചെറിയ പള്ളികളിൽ പ്രസംഗിക്കാൻ തുടങ്ങി.

ആ സമയത്ത് ഞാനും സഹോ. **ലൈനൽ** (BDO) സഹോ. **ബെന്നി** (പ്രൊഫ. പി. എസ്. ജി. കോളേജ്, കോയമ്പത്തൂർ). സഹോ. **എഡ്വേഡ് പോൾ** എന്നിവരും ചേർന്ന് മാസത്തിൽ ഒരു പ്രാവശ്യം രണ്ടു പ്രാവശ്യം **ഗ്രാമങ്ങളിൽ** സുവിശേഷം അറിയിക്കുന്ന പരിപാടികൾ തുടങ്ങി. ആയിരക്കണക്കിനു ജനങ്ങൾ വഴിവക്കിൽ നിന്നു ഞങ്ങളുടെ പ്രാർത്ഥനയും പാട്ടും കേൾക്കുന്നതു കണ്ട സഹോ. D. G. S. **ദിനകരൻ** ഞങ്ങളുടെ **ഗ്രൂപ്പിൽ** ചേർന്നു. ആ സമയത്ത് ഞാൻ **റേഡിയോ പരിപാടികളിലും** പ്രസംഗിച്ചു കൊണ്ടിരുന്നു. എന്റെ **ഡോക്ടർ ജോലിയോടൊപ്പം** ഗ്രാമസുവിശേഷവേലയും റേഡിയോ പരിപാടിയും നടത്തിക്കൊണ്ടിരുന്നു. ആ സമയത്ത് ഞങ്ങളുടെ ഗ്രൂപ്പിനെ തമിഴ്നാട്ടിൽ **ഈറോഡിൽ** ബ്രഫ് മെമ്മോറിയൽ . **C. S. I**. ചർച്ചിൽ കൺവെൻഷനായി ക്ഷണിച്ചിരുന്നു യോഗത്തിൽ ഒരു ചെറിയ സ്റ്റേജ് പാട്ടു പാടുന്നവർ ഞങ്ങളുടെ പിറകിൽ അക്കോഡിൻ എന്നു പറയുന്ന ഇൻസ്ട്രുമെന്റ് വായിച്ച് യോഗം തുടങ്ങി. സ്റ്റേജിന്റെ മുമ്പിൽ **ഞാനും** സഹോ. ദിനകരനും **റവ. എബനേസർ** അച്ചനും ഇരിക്കുന്നു. സഹോ. ദിനകരന് ഒരു പ്രത്യേക താലത്തുണ്ട് പ്രസംഗം മുഴുവനും **ആശ്വസിപ്പിക്കുന്ന** വചനങ്ങൾ ആയിരിക്കും. അദ്ദേഹത്തിന്റെ പാട്ടിൽ ഒരു **ആകർഷണം** ഉണ്ട്. അത് യോഗത്തിൽ കടന്നു വന്ന ജനങ്ങളെ ആകർഷിച്ചു. അതുവഴിയായി ആയിരക്കണക്കിനു ജനങ്ങൾ രക്ഷിക്കപ്പെട്ടു. രണ്ടാം ദിവസം ഞങ്ങൾ സ്റ്റേജിൽ ഇരിക്കുമ്പോൾ സഹോ. ദിനകരൻ എന്നെ വിളിച്ചു എന്റെ ചെവിയിൽ പുറകിൽ വെച്ചിരിക്കുന്ന **ബാനർ** ഒന്നു കാണണം എന്നു പറഞ്ഞു. പുറകിൽ ഒരു വലിയ സ്ക്രീനിൽ **യേശു വിളിക്കുന്നു** എന്നു എഴുതിയിരിക്കുന്നു. അതുകൊണ്ടു ഈ പേരിൽ തന്നെ നമ്മുടെ പരിപാടികൾ എല്ലാം നടത്തണം. റേഡിയോ പരിപാടികൾ, മാസിക, യോഗങ്ങൾ എല്ലാം യേശു വിളിക്കുന്നു എന്ന പേരിൽ നടത്തണം. ഈ പേരു

കൊള്ളാമൊ എന്നു എന്നു ചോദിച്ചു ഉടനെ അദ്ദേഹം **എന്റെ കയ്യും അദ്ദേഹത്തിന്റെ കയ്യും** ബൈബിളിൽ വച്ചു പ്രാർത്ഥിച്ചു കർത്താവേ യേശു വിളിക്കുന്നു എന്ന പേര് നിന്റെ നാമത്തിൽ ഞങ്ങൾ ഉപയോഗിക്കുന്നു അനുഗ്രഹിക്കണം എന്നു പ്രാർത്ഥിച്ചു. ഞങ്ങളുടെ കൂടെ ഉണ്ടായിരുന്ന അച്ചനും പുറകിൽ ഇരുന്ന **സ്റ്റെല്ലാ ദിനകരനും** ആരും അറിഞ്ഞില്ല. അന്ന്തന്നെ യേശു വിളിക്കുന്നു പേരിന്റെ **ഉത്ഘാടനം.** മാസംതോറും ഒരുപ്രാവശ്യം അല്ലെങ്കിൽ രണ്ടുപ്രാവശ്യം യോഗങ്ങൾ ഞങ്ങൾ തന്നെ സംഘടിപ്പിക്കും. പല സ്ഥലങ്ങളിൽ നിന്നു ജനങ്ങൾ യോഗത്തിൽ സംബന്ധിക്കാൻ തുടങ്ങി. അന്നത്തെക്കാലത്ത് ഞങ്ങൾ ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് ബസ്സിൽ യാത്ര ചെയ്യും. എനിക്കുമാത്രം ബുള്ളറ്റ് മോട്ടോർ സൈക്കിൾ ഉണ്ടായിരുന്നു. ഞങ്ങൾക്കു കാറില്ല. ബസ്സിൽ തന്നെ യാത്ര ചെയ്യും. ആ സമയത്ത് സഹോ. ദിനകരൻ ബാങ്കിൽ മാനേജരായി പ്രമോഷൻ കിട്ടി. ഈ ഉയർന്ന ജോലിയിലും ദൈവവേല അദ്ദേഹം നിർത്തിയില്ല.

ജോലി വിഷയമായി സഹോ. ദിനകരന് അമേരിക്കയിൽ പോകാൻ അവസരം കിട്ടി. അവിടെ **ഓറൽ റോബർട്ട്, ഓസ് ബോൺ, കെന്നത്ത് ഹാഗിൻ** ഇവരുടെ യോഗങ്ങളിൽ സംബന്ധിച്ചു **ബന്നിഹീൽ** എന്ന ആളുടെ യോഗമാണ് അദ്ദേഹത്തെ കൂടുതൽ ആകർഷിച്ചത്. **പേരു വിളിക്കുന്നതും,** കോട്ട് വീശു മ്പോൾ അളുകൾ വീഴുന്നതും പരിശുദ്ധാത്മാവിന്റെ ശക്തി എന്നു പറഞ്ഞു. ഇദ്ദേഹത്തിന്റെ ഗുരുവായിരുന്ന **കാതറിൻ കുൾമാൻ** എന്ന സ്ത്രീയുടെ പുസ്തകം ഇദ്ദേഹം വായിച്ചു അവർ വലിയ അത്ഭുതങ്ങളെ ചെയ്തവളായിരുന്നു. ബൈബിളിൽ പറയുന്നതുപോലെ നീ **സർപ്പത്തിന്റെ** മീതെ നടന്നാലും അതുനിന്നെ ഒന്നും ചെയ്യില്ല എന്ന വചനത്തെ തെളിയിക്കാൻ ഓരോരോ ഞായറാഴ്ച ആരാധനയിലും **പാമ്പുകളുടെ കൂട്ടത്തെ കണ്ണാടി** പ്പെട്ടിയിൽവെച്ചു അതിൽ കയ്യിടും, പാമ്പുകളെ പിടിക്കും. ഇതെല്ലാം കണ്ടിട്ടു സഹോദരൻ **ഇന്ത്യയിൽ** വന്നിട്ടു **അതേ പരിപാടികൾ** തുടങ്ങി. പ്രാർത്ഥനയിൽ **പേരുവിളി** രോഗസൗഖ്യം ഇങ്ങനെ പല പരിപാടികൾ കൂട്ടത്തിൽ തുടങ്ങിയതോടെ ജനങ്ങളുടെ കൂട്ടം വർദ്ധിച്ചു. കേരളം, വടക്കേ ഇന്ത്യ, **ശ്രീലങ്ക**

ഇവിടെ അദ്ദേഹത്തിന്റെ കൂട്ടത്തെ ജനങ്ങൾ തന്നെ ക്രമീകരിച്ചു. വളരെ പ്രശസ്തനായി. അദ്ദേഹത്തിന് ധാരാളം പേർ **പണം അയക്കാൻ** തുടങ്ങി. അദ്ദേഹത്തിന്റെ സ്ഥലത്ത് പണ മഴ പൊഴിഞ്ഞു എന്ന് ഒരാൾ വർണ്ണിച്ചു. പണം **വർദ്ധിച്ചശേഷം** അത് എന്തുചെയ്യണമെന്ന് അറിയാതെ ഒരു **ബിസിനസ്സ്** ചെയ്യാൻ ആഗ്രഹിച്ചു.

**കൊറിയയിലെ** വല്യ പ്രസംഗിയായ പോൾ **യാംഗിച്ചോ** അവർകൾ പണം വർദ്ധിക്കാൻ **ഷെയർ മാർക്കറ്റിലിട്ടു.** സഭാ ജനങ്ങൾ അത് അറിഞ്ഞ് പോലീസിൽ പരാതി കൊടുത്ത് അദ്ദേഹത്തെ ജയിലാക്കി. അദ്ദേഹം ചെയ്തത് ഒരു വിധത്തിൽ തെറ്റല്ല എന്നു പറയാം താൻ സുഖിക്കാൻ വേണ്ടിയല്ല **പല സഭകളെ സഹായിക്കാനാണ്** ഷെയർ മാർക്കറ്റിലിട്ടത് എന്നു പറഞ്ഞു. സഹശുശ്രൂഷകരേയോ കമ്മറ്റിക്കാരെയോ **അറിയിക്കാതെ** ചെയ്തതുകൊണ്ടു ജയിലിലായി. ഇതു ദൈവത്തിനു **പോൾ യാംഗിച്ചോ** പണ സഹായം ചെയ്തതുപോലെ ആയി.

**ഇതേ വഴിയിൽ** സഹോ. **D. G. S. ദിനകരൻ** അവർകൾ **കാരുണ്യ യൂണിവേഴ്സിറ്റി സാധുക്കൾക്കുവേണ്ടി** എന്നു പറഞ്ഞ് ആരംഭിച്ചു.ആ കോളേജിനു പണം പിരിക്കാൻ **ബാലജന പങ്കാളിത്ത പദ്ധതി** എന്ന കള്ളത്തരമായ **പ്രാർത്ഥനാ ബിസിനസ്** തുടങ്ങി. ഒരു **കുഞ്ഞിന് 2000** രൂപ കൊടുത്താൽ ആ കുഞ്ഞിനുവേണ്ടി 25 വർഷം ഞാൻ പ്രാർത്ഥിക്കും എന്നു പരസ്യപ്പെടുത്തി. ധാരാളം ജനങ്ങൾ പണം ധാരാളമായി കൊടുക്കാൻ തുടങ്ങി. ഒരു വീട്ടിൽ 5 കുഞ്ഞുങ്ങൾ ഉണ്ടെങ്കിൽ 10,000 രൂപ കൊടുത്തണം. **ഇങ്ങനെ ധാരാളം** പണം വന്നു ചേർന്നു.

**കാരുണ്യ കോളേജ്** തുടങ്ങുന്നു എന്ന് അദ്ദേഹം അറിയിച്ചപ്പോൾ **ദൈവം നമ്മെ സുവിശേഷം അറിയിക്കാൻ** വിളിച്ചിരുന്നു എന്നു ഞാനും എന്റെ സുഹൃത്തുക്കളും പറഞ്ഞു. അദ്ദേഹം കേട്ടില്ല. അപ്പോൾ ഞങ്ങൾ നാലുപേരും **അദ്ദേഹത്തെ വിട്ടുമാറി.** ഞങ്ങൾക്കും **D. G. S. ദിനകരനും** ഒരു ബന്ധവുമില്ല എന്നു പറഞ്ഞ് **അവരവരുടെ** ദൈവവേല ചെയ്യാൻ തുടങ്ങി. പക്ഷെ

ഇദ്ദേഹത്തിന്റെ തെറ്റായ ദൈവവേലയെ സഹായിക്കാൻ പല **ബിഷപ്പുമാർ** വന്നു.

**ആദ്യമായിറങ്ങിയ ദൈവകോപം**

ചെന്നൈയിൽ നിന്നു ബാംഗ്ലൂർ പോകാൻ ഇറങ്ങിയ ദിനകരന്റെ കുടുംബം **ആക്സിഡന്റിൽ** പെട്ടു. **ഏകമകളും ഡ്രൈവറും സ്പോട്ടിൽ മരിച്ചു. ദിനകരനു** കൈയ്യിലും **കഴുത്തിലും** മുറിവുണ്ടായി. ആ സമയം അപ്പോസ്തലിക് ക്രിസ്ത്യൻ അസംബ്ളി (ACA ചർച്ച്) **സ്ഥാപകനായ പാസ്റ്റർ സുന്ദരം അവർകൾ,** ശവസംസ്കാരം കഴിഞ്ഞശേഷം അദ്ദേഹത്തെ ആശ്വസിപ്പിക്കാൻ അദ്ദേഹത്തിന്റെ വീട്ടിൽ പോയി. ആശ്വസിപ്പിച്ച് പ്രാർത്ഥിച്ച് വീട്ടിൽ നിന്ന് ഇറങ്ങുമ്പോൾ (അദ്ദേഹം ദിനകരനെ **തമ്പീ** എന്നാണു വിളിക്കുന്നത്) **തമ്പീ** ഞാൻ പറയുന്നത് തെറ്റിദ്ധരിക്കരുത്. ദൈവം നിനക്കു പ്രത്യേക പാട്ടു **കഴിവും** പ്രസംഗ **കഴിവും** തന്നു തിരഞ്ഞെടുത്തു. പക്ഷെ നീ അമേരിക്കയിൽ ചെന്നു **ഓറൽ റോബർട്ട്സിന്റെ** യൂണിവേഴ്സിറ്റി അതേമാതിരി യൂണിവേഴ്സിറ്റി ഇന്ത്യയിലും ആരംഭിക്കാൻ ശ്രമിച്ചു. അതു **ബിസിനസ്** എന്നു നീ മനസ്സിലാക്കിയില്ല. ഒരു പാവപ്പെട്ട പയ്യന് **ലക്ഷങ്ങൾ കൊടുക്കാതെ** കോളേജിൽ നീ ചേർക്കുന്നില്ല. **സാധുക്കൾക്കുവേണ്ടി** എന്നു പരസ്യപ്പെടുത്തിയല്ലേ നീ കോളേജ് തുടങ്ങിയത്. **ഒരു സാധുപയ്യനെപ്പോലും** നീ കോളേജിൽ ചേർത്തില്ല. സൂക്ഷിക്കണേ ഇതു നിനക്കു **ഫസ്റ്റ് വാണിംങ്** എന്നു പറഞ്ഞു ദിനകരന്റെ മറുപടി കേൾക്കാൻ നിൽക്കാതെ കാറിൽക്കയറിപ്പോയി. ദിനകരൻ പൊട്ടിക്കരഞ്ഞു എങ്കിലും മനസ്സ് കഠിനപ്പെടുത്തി. ബിസിനസ്സ് **വലുതാക്കാൻ ശ്രമിച്ചു.** കാരുണ്യ യൂണിവേഴ്സിറ്റിയെ **ഡ്രീംഡ് യൂണിവേഴ്സിറ്റിയാക്കാൻ സെൻട്രൽ ഗവൺമെന്റ് മന്ത്രിയുടെ** ശുപാർശക്കായി **ഹൈന്ദവമത** സംഘടന തലവനായ **ശങ്കരാചാര്യരുടെ** മുൻപിൽ തലവണങ്ങി അദ്ദേഹം കൈവച്ച് ആശിർവദിച്ചു. അദ്ദേഹത്തിനു സമ്മാനമായി ദിനകരൻ ഓഡർ കൊടുത്തു ഉണ്ടാക്കിയ **വെള്ളി ഹൈന്ദവ പൂജാസാമഗ്രികളെ** കൊടുത്തു. ഇതു ദൈവത്തിനെ കൂടുതൽ

വേദനിപ്പിച്ചു മറ്റു സാധാരണ സാധു ദൈവവേലക്കാർപോലും സുവിശേഷം അറിയിക്കുമ്പോൾ സംഭാവനയായി പുതിയനിയമം ബൈബിൾ കൊടുക്കും. പക്ഷെ ഇത്ര വലിയ ദൈവവേലക്കാരൻ ഹൈന്ദവസന്യാസിയുടെ മുമ്പിൽ വീണു വണങ്ങി പൂജാസാധനങ്ങൾ കൊടുത്തു. ഇതു ദൈവത്തിന്റെ മനസ്സിനെ കൂടുതൽ ദുഃഖിപ്പിച്ചു. ഇതു ഞാൻ എന്റെ ജാമക്കാരൻ മാസികയിൽ **ഫോട്ടോ സഹിതം** പരസ്യപ്പെടുത്തി. അദ്ദേഹത്തിന് മുന്നറിയിപ്പു നല്കി കത്തും എഴുതി. ഇദ്ദേഹം പ്രാർത്ഥനയിൽ **പേരുവിളിക്കുന്നത്** വേദപുസ്കത്തിൽ ഇല്ലാത്ത ഉപദേശം. ഇദ്ദേഹം ചെയ്ത ഈ തെറ്റായ ഉപദേശത്തെ തമിഴ്നാട്ടിലും, കേരളത്തിലും ധാരാളം പേർ അനുകരിച്ചു. **എല്ലാപേരും** പ്രാർത്ഥനയിൽ **പേരുവിളിക്കാൻ** തുടങ്ങി. ഇതു തെറ്റായ ഉപദേശമാണ്. ഇതിനു മൂലകാരണം സഹോ. **ദിനകരനാണ്.** ഇതിനുശേഷം പല തെറ്റുകൾ അദ്ദേഹം ചെയ്തു. അതുപറയാൻ സമയമില്ല. പഴയമാസികയിൽ ഉണ്ട്. അതിൽ ഒന്ന് **ബെദസ്ഥാകുളം ദൂതൻ ഇറങ്ങി** എന്നു പറഞ്ഞു **സ്വർഗ്ഗവാതിൽ** എന്നും പറഞ്ഞു, **കാണിക്ക** നിറഞ്ഞു. തമിഴ്നാട്ടിൽ തിരുനെൽവേലിയിൽ **നാലു മാവടി മോഹൻ സി. ലാസറസ് അതുപോലെ** പലരും അതു അനുകരിച്ചു.

ഇവർ **പവ്വർ മിനിടി** എന്ന പേരിൽ തുടങ്ങിയ പ്രോഗ്രാമിൽ ചേർന്നു **ട്രൈനിംഗ് കിട്ടിയവരെല്ലാം പേരു പ്രാർത്ഥനയിൽ വിളിക്കാൻ തുടങ്ങി.** ഇവരിൽ **എഞ്ചൽ ടി. വി. സാധുസെൽരാജ്,** രവീന്ദ്രനാഥ്, **മോഹൻ സി. ലാസറസ് ആനന്ദസ്റ്റിറ** ഇവരെല്ലാം ആ കള്ള ഉപദേശത്തിൽ അകപ്പെട്ടു. കേരളത്തിൽ ടി. വി വഴി പല ദൈവവേലക്കാർ പേരുവിളിക്കാനും **രോഗത്തിന്റെ പേരു** പറയാനും തുടങ്ങി. കത്തോലിക്കാ. അച്ചന്മാർ പോട്ട എന്ന സ്ഥലത്തു തുടങ്ങിയ **ധ്യാനകേന്ദ്രത്തിലും** പേരു **വിളിച്ച് അച്ചന്മാർ കള്ളം പറയാൻ തുടങ്ങി. തിരുവനന്തപുരത്ത്** ഉപവാസ പ്രാർത്ഥന നടത്തുന്ന **നാലുപേർ** ഇവരെല്ലാം ആ കള്ള ഉപദേശത്തിൽ ഉള്ളവരാണ്. ടി.വി പ്രസംഗകൻ. **തങ്കുബദർ, ജോൺ താരു** ഇതുപോലെ ഇനിയും ധാരാളം പേരുണ്ട് പേര് എനിക്ക് അറിയാത്തതുകൊണ്ട് പരസ്യപ്പെടുത്തുന്നില്ല. ഈ വിഷയത്തിൽ ഈസ്റ്റ്, നോർത്ത്, മലബാർ C. S. I. **സഭയോഡിസുകൾ** രക്ഷപ്പെട്ടു നില്ക്കുന്നു.

സൗത്ത് കേരള C.S.I. സയോഡിസിൻ മാത്രം ഇതു വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇതിനു പ്രധാനകാരണം തിരുവനന്തപുരത്തുള്ളവർ മാത്രം **കൂടോത്രത്തെയും ക്ഷുദ്രപ്രയോഗത്തെയും** വിശ്വസിക്കുന്നു. **പിശാചിനെ ഭയപ്പെടുന്നു** ഇവരെല്ലാം ക്രിസ്ത്യാനികളായിരുന്നാലും യേശുക്രിസ്തു വലിയവൻ എന്നു വിശ്വസിക്കുന്നില്ല.

ഈമാതിരി വിഷയങ്ങൾ വേദപുസ്തകത്തെ **താരതമ്യപ്പെടുത്തി** ആരാഞ്ഞു നോക്കണം. **യേശുവോ ശിഷ്യന്മാരോ** പേരുവിളിച്ചു സൗഖ്യമാക്കുന്നതു പിശാചിനെ **ശബ്ദമുയർത്തി ഓടിക്കുന്നതു** ഒരു സ്ഥലത്തും കാണാൻ സാധിക്കുന്നില്ല. കാറ്റിനെയും കടലിനെയും യേശു ശാസിച്ചു എന്നു എഴുതിയിരിക്കുന്നു. ഭൂതബാധിതനെ ശബ്ദമുയർത്തി ശാസിച്ചു എന്നു എഴുതിയിട്ടില്ല. ഇതു നിങ്ങൾ മനസ്സിലാക്കിയാൽ ഇതുമാതിരിയുള്ള കള്ളദൈവവേലക്കാരെ ഉത്സാഹപ്പെടുത്തുന്നില്ല. മത്തായി. 24. അവസാനത്തിൽ ഇങ്ങനെയുള്ള കള്ള ദൈവവേലക്കാരും പ്രവാചകന്മാരും പുറപ്പെടും എന്നു എഴുതിയിരിക്കുന്നു. **കോടീശ്വരനായ പോൾ ദിനകരന്റെ** ഭാര്യ ഇവാഞ്ചലിൻ പറഞ്ഞതുപോലെ ദൈവത്തിന്റെ മുമ്പിലും ജനങ്ങളുടെ മുമ്പിലും കള്ളം പറയാതിരിക്കണം. സകലത്തെയും ദൈവം അറിയുന്നു. ദൈവം നമ്മെയും നമ്മുടെ ഉള്ളത്തെയും അറിയുന്നു.

**രണ്ടാമത്തെ മുന്നറിയിപ്പ് :-**

സഹോ. ദിനകരൻ അവർകൾക്ക് മൂന്നുപ്രാവശ്യം **ഹാർട്ട് അറ്റാക്കുവന്നു.** ഹൃദയത്തിന്റെ വാല്വു മാറ്റേണ്ടിവന്നു. അതുകാരണം മൂന്നുപ്രാവശ്യം ഹൃദയത്തെ ഓപ്പൺ ചെയ്യേണ്ടിവന്നു. **പേസ്മേക്കർ** ഉപയോഗിച്ച് ഹൃദയം പ്രവർത്തിപ്പിക്കാൻ ക്രമീകരണം ചെയ്തു. **ആദ്യത്തെ പേസ്മേക്കർ** ഹൃദയത്തോടു യോജിക്കാതെ വന്നു. അതുശരിയാക്കാൻ രണ്ടാമത്തെ പേസ്മേക്കർ വച്ചു **അതും ശരിയായില്ല.** തുടർന്ന് **മൂന്നാമത്തെ** പേസ്മേക്കർ വച്ചു അതും ശരിയായില്ല. പിന്നെ അമേരിക്കയിൽ പോകാതെ ഇവിടെത്തന്നെ ശരിപ്പെടുത്തി.

**മൂന്നാമത്തെ വാണിങ്ങ്:-**

കിഡ്നി തകരാറായി, അതിനായി അമേരിക്കയിൽപോയി. പാവപ്പെട്ട പിള്ളാരുടെ കയ്യിൽ നിന്നു **ഡൊണേഷനായി** വാങ്ങിയ പണം **ആറുപ്രാവശ്യം** അമേരിക്കയാത്രക്കും, **ട്രീറ്റമെന്റിനും** ചിലവായി. ഒരു പുതിയ കിഡ്നി **പല ഡോളർ** കൊടുത്തു ഡോണറെക്കണ്ടു പിടിച്ച് വിലക്കുവാങ്ങി മാറ്റിവച്ചു. ഇന്ത്യയിൽ വന്നു നാലുമാസം റെസ്റ്റ് എടുത്തു അതും ശരിയായില്ല പിന്നെ അമേരിക്കയിൽ ചെന്നു ഡോണറെ കണ്ടുപിടിച്ചു. **പലകോടികൾ** ചിലവാക്കി കിഡ്നി മാറ്റിവച്ചു. രണ്ടു മാസം കഴിഞ്ഞുപോയി. അതും ശരിയാകാതെ യൂറിയ രക്തത്തിൽ കലർന്ന് കിടക്കയിൽ ആയി, മുഖത്തും ശരീരം മുഴുവനും നീരുവന്നു ബലൂൺ പോലെ വീർത്തു, ശ്വസം വലിക്കാൻ കഴിയാതെ **വെന്റിലേറ്ററിൽ** ഇട്ടശേഷം മരിച്ചു.

വല്യദൈവവേലക്കാരനായ D. G. S. ദിനകരൻ ലക്ഷങ്ങൾക്കു സുവിശേഷം അറിയിച്ചവൻ ഇപ്പോൾ ഇദ്ദേഹത്തിന്റെ **ആത്മാവ്** എവിടെയായിരിക്കും ? പൗലൂസ് പറയുന്നതുപോലെ **ആത്മാവിൽ ആരംഭിച്ചു ജഡത്തിൽ ആവസാനിപ്പിച്ചു.** ഇദ്ദേഹത്തിന്റെ ആരംഭം വളരെ നന്നായിരുന്നു. പക്ഷെ അവസാനം ?

ഇദ്ദേഹത്തിന്റെ മകന് ഇത്ര വിഷയങ്ങൾ നേരിട്ടുകണ്ടിട്ടും ജീവിതത്തിൽ ഒരു മാറ്റവും ഉണ്ടായില്ല. മുഴുകുടുംബത്തിലും ഒരു മാറ്റവും ഉണ്ടായിട്ടില്ല. ഇതു വായിക്കുന്ന എല്ലാ വിശ്വാസികൾക്കും ദൈവവേലക്കാർക്കും ഇത് ഒരു മുന്നറിയിപ്പായിരിക്കട്ടെ.

ഇതോടെ ഞാൻ പ്രാർത്ഥിച്ചു നിർത്തുന്നു. എന്തെങ്കിലും ഇതിനെക്കുറിച്ചും സംശയം ഉണ്ടെങ്കിൽ എന്നോടു എഴുതി ചോദിക്കാം മുകളിൽ പറഞ്ഞതു ആത്മീക പ്രസംഗമല്ല. ദൈവം നിങ്ങളെ അനുഗ്രിക്കട്ടെ. നിങ്ങൾക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു.എന്റെ ദൈവവേലയിലെ **രണ്ടാമത്തെ തലമുറകൾ** അറിയാനും ജാഗ്രതയായിരിക്കാനും വേണ്ടിയാണ് എഴുതിയത്.

**- ഡോ. പുഷ്പരാജ്.**

# മിഷണറിവേല (ദൈവവേല) ചെയ്യാനുള്ള യോഗ്യത:-

കഴിഞ്ഞ മാർച്ചുമാസം ഒരു കൺവെൻഷനിൽ ഞാൻ പ്രസംഗിച്ചശേഷം അന്നുരാത്രി ഒരു ബാല്യക്കാരൻ പ്രാർത്ഥിക്കാൻ എന്റെ അടുത്തുവന്നു അവൻ പറഞ്ഞു. ഡോക്ടർ ഞാൻ രക്ഷിക്കപ്പെട്ടു, 4 വർഷമായി താൻ B.Sc., വരെ പഠിച്ചതായും അവൻ സംബന്ധിക്കുന്ന സഭാപാസ്റ്റർ ഈയാളെ സഭയിൽ പ്രയിസ് വർഷിപ്പ് നടത്താൻ അനുവദിച്ചതായും പറഞ്ഞു. അപ്പോൾ ഞാൻ "ശരി സഹോദരാ ഇപ്പോൾ ഞാൻ നിനക്കു എന്തുചെയ്യണം എന്നു പ്രതീക്ഷിക്കുന്നു" എന്നു ചോദിച്ചു. അതിനു അവൻ ഞാൻ സഭ നടത്തണം, പാസ്റ്റർ ആകണം, അല്ലെങ്കിൽ മിഷണറിയായി ദൈവവേല ചെയ്യണം അതോടുകൂടെ അവൻ ട്രൈബൽ മിഷൻ ആരംഭിച്ചതു നിങ്ങൾ തന്നെ എന്നു അറിഞ്ഞു. ട്രൈബൽ മിഷനോടു ചേർന്നു ബഥനി ആശുപത്രി സ്ഥാപിച്ചു എന്നും ഞാൻ കേട്ടിരിക്കുന്നു. ഞാൻ ദൈവവേല ചെയ്യുവാൻ എന്നെ ഏല്പിച്ചിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ എനിക്കു ഒരു ശുപാർശ ലെറ്റർ എഴുതി തന്ന് ആശുപത്രിയിലോ മിഷനറി സഭയിലോ എനിക്കു ദൈവവേല ചെയ്യുവൻ എന്നെ സഹായിക്കണം എന്നു പറഞ്ഞു. നിങ്ങളുടെ സ്ഥാപനങ്ങളിൽ ദൈവവേല ചെയ്താൽ എത്ര ശമ്പളം കിട്ടും എന്നും അവൻ ചോദിച്ചു.

ഉടനേ ആ യുവാവിനെ എന്റെ മുമ്പിൽ കസേരയിൽ ഇരുത്തി. ദൈവവേല ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ അല്ല എന്നു മനസ്സിലാക്കണം. നിങ്ങ

ളുടെ ചോദ്യം തന്നെ നിങ്ങൾ ദൈവവേല ചെയ്യാൻ യോഗ്യതയില്ലാത്തവൻ എന്നു മനസ്സിലാക്കുന്നു. കയ്യിൽ വേദപുസ്തകം ഉണ്ടോ എന്നു ചോദിച്ചു ഇല്ല. മൊബൈലിൽ വേദപുസ്തകം ഉണ്ട് എന്നു പറഞ്ഞു. ഉടനേ ഞാൻ അപ്പോ. പ്ര. 9 – ാം അദ്ധ്യായം വായിക്കാൻ പറഞ്ഞു. ക്രിസ്ത്യാനികളെ തേടി കണ്ടുപിടിച്ചു കൊല ചെയ്യാൻ ശപഥം എടുത്ത ശൗൻ ക്രിസ്ത്യാനികളെ കൊല ചെയ്യാൻ മറ്റൊരു സ്ഥലത്തു പോകുന്ന വഴിയിൽ യേശു അവനെ സന്ദർശിച്ചു. പെട്ടെന്ന് ആകാശത്തിൽ നിന്ന് ഒരു പ്രകാശം വന്ന് ശൗലിന്റെ കണ്ണുകളെ കുരുടാക്കി ശൗൻ കുതിരയുടെ പുറത്തുനിന്നു താഴെ വീണു ആ സ്ഥലത്തുവെച്ചാണ് ശൗൻ മാനസ്സാന്തരപ്പെട്ടു. യേശുവിനെ സ്വന്തം രക്ഷകനായി സ്വീകരിച്ചു. യേശു അവനോട് നീ പോയി വീട്ടിൽ ഇരി ഞാൻ ഒരു ശിഷ്യനെ അയക്കും അവൻ നിന്റെ തലയിൽ കൈവച്ചു പ്രാർത്ഥിക്കും. അപ്പോൾ നിനക്കു കാഴ്ച കിട്ടും. ചിലർ അവന്റെ കൈപിടിച്ചു വീട്ടിൽ കൊണ്ടുപോയി വിട്ടു.

ഇപ്പോൾ യേശു പറഞ്ഞപ്രകാരം അനന്യാസ് എന്ന തന്റെ ശിഷ്യനെ ശൗലിന്റെ അടുത്തുപോയി അവന്റെ തലയിൽ കൈവച്ചു പ്രാർത്ഥിക്കാൻ കല്പിച്ചു. പക്ഷെ അവൻ ഭയപ്പെട്ടു കർത്താവേ അവനെ ഭയപ്പെട്ടാണ് ഞാൻ ഇവിടെ ഒളിച്ചു താമസിക്കുന്നത്. അങ്ങനെയുള്ള അവന്റെ അടുത്തുള്ള എന്നെ അയക്കുന്നല്ലോ എന്നു പറഞ്ഞു. അതിനു യേശു ശൗലിനെ എന്റെ വേലക്കായി തിരഞ്ഞെടുത്തിരിക്കുന്നു. അതുകൊണ്ടു ഭയപ്പെടാതെ പോവുക എന്നു പറഞ്ഞു കൂടാതെ എന്റെ നാമത്തിനുവേണ്ടി എന്തെല്ലാം കഷ്ടങ്ങൾ അനുഭവിക്കണം എന്നു ഞാൻ അവനെ കാണിക്കും എന്നു പറഞ്ഞു.



Dr. Muralidhar, M.D.,

മകനേ ഇതുതന്നെ ദൈവവേലക്കു യോഗ്യത. നീ ശമ്പളം എത്ര കിട്ടും എന്നു ആരംഭത്തിലേ ചോദിക്കുന്നല്ലോ ? ക്രിസ്തീയവേല ത്യാഗത്തിന്മേലും ക്രിസ്തുവിനോടുള്ള നന്ദിയുടെ അടിസ്ഥാനത്തിലും ഉള്ളതാണ്. നീ പറഞ്ഞ ആനക്കുട്ടി ബഥനി ആശുപത്രിയിൽ ഉള്ള **Dr. മുരളിധർ, M.D.,**



അവർകൾ ഹൃദയരോഗ സ്പെഷ്യലിസ്റ്റാണ്. മാസം 2 ലക്ഷം രൂപ ശമ്പളത്തെ ഉപേക്ഷിച്ച് ഇന്നു ത്യാഗത്തോടു മലകളിൽ കേറിചെന്ന് ക്രിസ്തു ദൈവമെന്ന് സുവിശേഷിച്ചു കൊണ്ടിരിക്കുന്നു. ആശുപത്രി ജോലിയും ചെയ്ത് ആദിവാസിഗ്രാമ ദൈവവേലയും ചെയ്തുകൊണ്ടിരിക്കുന്നു.

**Dr.പുഷ്പരാജായ** ഞാൻ ഒരു സ്ഥാപന ത്തിൽ ആദ്യത്തെ മിഷനറിയായി **പെരിയ മല** എന്നു വിളിക്കപ്പെടുന്ന വനത്തിൽ രണ്ടു സഹോദരന്മാരോടുകൂടെ സുവിശേഷം അറിയിക്കാൻ പോയി. അവിടെ താമസിക്കാൻ വീടുകളില്ല. പന്നികളെ അടക്കുന്ന ഓലക്കുടിലിൽ ഞങ്ങൾ ഉറങ്ങി അവിടെ പാർത്തുകൊണ്ട് ചുറ്റിലും ഉള്ള ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ചു. അപ്പോൾ എനിക്കു മിഷനറി സ്ഥാപനം തന്ന ശമ്പളം എത്ര എന്ന് അറിയാമോ ? വെറും 350 രൂപ ഇതിൽ വീട്ടു ചെലവിന് എന്റെ മാതാപിതാക്കൾക്കു കുറച്ചു പൈസ, അരി വാങ്ങി, കഞ്ഞി വെച്ചു കുടിച്ചു. രാവിലെ വനത്തിൽ പോയാൽ രാത്രി മടങ്ങിവരും.



അരി തീർന്നശേഷം മൂന്നു ദിവസം ഞങ്ങൾ പട്ടിണി കിടന്നു. ഇതുനടന്നത് 1967 – ാം വർഷം ആരംഭത്തിൽ ദൈവവേലയിൽ ഈ കഷ്ടപ്പാടുകളിൽ ആനകൾ നിറഞ്ഞ വനത്തിൽ പാമ്പ്, തേൾ മുതലായവ ഉള്ള കുടിലിൽ താമസിച്ചു ദൈവവേല ചെയ്തതുകൊണ്ട് ഇന്നു ദൈവം എന്നെ ഉയർത്തി. എന്റെ 84 വയസ്സിലും എന്നെയും Dr. മുരളീധർ അവർകളെയും ഒരു കുറവും ഇല്ലാതെ നടത്തി വരുന്നു. ഇതു പറയാൻ കാരണം ദൈവവേലയുടെ ആരംഭത്തിൽ കർത്താവിനുവേണ്ടി കുറവുകളെ സഹിച്ച് പിറുപിറുക്കാതെ

ദൈവവേല ചെയ്തതു കൊണ്ട് ഇന്നു സകല സൗകര്യത്തോടും ഞങ്ങൾ ജീവിക്കുന്നു.

ആരംഭത്തിൽ നടന്നു ദൈവവേല ചെയ്തു പിന്നെ സൈക്കിളിൽ രണ്ടു പേർ അല്ലെങ്കിൽ മൂന്നുപേർ ചെന്ന് സുവിശേഷം അറിയിച്ചു. അതിന്റെ ശേഷം ചെറിയ മോട്ടോർ സൈക്കിൾ വാങ്ങുവാൻ കൃപ ചെയ്തു. അതിൽ യാത്ര ചെയ്തു സുവിശേഷം അറിയിച്ചു. ഒരു വർഷത്തിനുള്ളിൽ വലിയ പണക്കാർ ഉപയോഗിക്കുന്ന ബുള്ളറ്റ് മോട്ടോർ സൈക്കിൾ (ROYAL ENFIELD) നെയ്‌വേലി ചീഫ് എഞ്ചിനിയർ എനിക്കു ഫ്രീയായി തന്നു. അതിന്റെ ശേഷം ഓട്ടോറിക്ഷ വാങ്ങി ഉപയോഗിച്ചു. അതു വിറ്റിട്ടു സെക്കന്റ് ഹാന്റ് ഓംനി വാൻ വാങ്ങി നിറച്ചു ആളുകളെ കയറ്റിക്കൊണ്ടുപോയി സുവിശേഷം അറിയിച്ചു. അതിനുശേഷം മാരുതി 800 അതിനുശേഷം PALIO, FIAT കാർ വാങ്ങി. ഇപ്പോൾ നാനോ കാർ ഉപയോഗിച്ചുകൊണ്ടിരിക്കുന്നു.



വാടക വീട്ടിൽ 40 വർഷങ്ങൾ ജീവിച്ചു. അതിനുശേഷം ആ വീട് സ്വന്തമായി വാങ്ങുവാൻ ദൈവം സഹായിച്ചു. ഇന്ന് 84 വർഷങ്ങളായി അതേ വീട്ടിൽ ഞങ്ങൾ ജീവിക്കുന്നു. ഞങ്ങളുടെ ദൈവവേലക്ക് ആരോടും പണം ചോദിച്ചില്ല. ഈ ലോകത്തിൽ യഥാർത്ഥ ദൈവവേലക്കാർ എല്ലാവരും അവരുടെ ആരംഭകാലത്തിൽ വിശപ്പു, പട്ടിണി, പണ ബുദ്ധിമുട്ട് അനുഭവിക്കാതെ വല്യ അളവിൽ ആരംഭിച്ചു മുന്നേറിയിട്ടില്ല. കർത്താവിനു മഹിമ ഉണ്ടാകട്ടെ. ഇപ്പോഴും ഞങ്ങൾ പണക്കാരല്ല ഞങ്ങൾക്കു ബാങ്ക് ബാലൻസ് ഇല്ലാ, സകല സൗകര്യത്തോടും കടം ഇല്ലാതെ പോകുന്ന ദൈവവേലക്കാർ ആകുന്നു.

# പൌലുസിനെക്കുറിച്ച് കർത്താവു പറഞ്ഞ കഷ്ടതയുടെ ദൈവവേല

യേശുക്രിസ്തുവിന്റെ ശിഷ്യന്മാരിൽ കൂടുതൽ പഠിത്തം ഉള്ളവൻ എല്ലാ സുഖത്തെയും അനുഭവിച്ചവൻ പൌലുസാണ് (ശൗൽ) ആരംഭം മുതൽ അവസാനം വരെ പൌലുസിന്റെ ദൈവവേലയിൽ പാടുകൾ അനുഭവിച്ച വ്യക്തിയാണ്.

ശൗൽ ദൈവവേലയിൽ അനുഭവിച്ച പാടുകൾ താഴെ ഞാൻ എഴുതുന്നു വായിച്ചു നോക്കുവിൻ ശൗൻ തന്നെ തന്നെക്കുറിച്ച് ഇങ്ങനെ പറയുന്ന 2 കൊരി 11:23.

1. ഞാൻ ഏറ്റവും അധികം അദ്ധ്വാനിച്ചു.
2. അധികം പ്രാവശ്യം തടവിലായി.
3. അനവധി അടികൊണ്ടു.
4. പലപ്പോഴും പ്രാണഭയത്തിലായി.
5. യഹൂദരാൽ ഞാൻ ഒന്നു കുറയ നാല്പതു അടി അഞ്ചു വട്ടം കൊണ്ടു (39 അടി)
6. മൂന്നുപ്രാവശ്യം കോലിനാൽ അടിക്കപ്പെട്ടു.
7. ഒരിക്കൽ കല്ലേറു കൊണ്ടു.
8. മൂന്നു വട്ടം കപ്പൽ ഛേദത്തിൽ അകപ്പെട്ടു.
9. ഒരു രാപ്പകൽ വെള്ളത്തിൽ കഴിഞ്ഞു.
10. ഞാൻ പലപ്പോഴും യാത്ര ചെയ്തു.
11. നദികളിലെ ആപത്ത്.
12. കള്ളന്മാരാലുള്ള ആപത്ത്.
13. സ്വജനത്താലുള്ള ആപത്ത്.
14. ജാതികളാലുള്ള ആപത്ത്.
15. പട്ടണത്തിലെ ആപത്ത്.
16. കാട്ടിലെ ആപത്ത്.

17. കടലിലെ ആപത്ത്.
18. കള്ളസഹോദരന്മാലുള്ള ആപത്ത്.
19. അദ്ധ്വാനം.
20. പ്രയാസം.
21. പലവട്ടം ഉറക്കിളിപ്പ്.
22. പൈദാഹം.
23. പലവട്ടം പട്ടിണി.
24. ശീതം.
25. നഗ്നത
26. **അരേതരാജാവിന്റെ നാടുവാഴി എന്നെ പിടിപ്പാൻ ഇച്ഛിച്ചു:ദമസ്കാ പട്ടണത്തെ കാവൽ വച്ചു കാത്തു. എന്നാൽ അവർ എന്നെ മതിലിൽ ഉള്ള കിളിവാതിൽ വഴിയായി ഒരു കൊട്ടയിൽ ഇറക്കി വിട്ടു.**

ഇതു കൂടാതെ ദിവസേന സർവ്വസഭകളെക്കുറിച്ചുള്ള ചിന്താഭാരവും ഉണ്ടായിരുന്നു.

മുകളിൽ എഴുതപ്പെട്ട പൌലുസിന്റെ പാടുകൾ പെരുപ്പിച്ചു പറഞ്ഞതല്ല. എന്നു അറിയുവാൻവേണ്ടി അദ്ദേഹം പറഞ്ഞത് ഇങ്ങനെയാണ് നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായി എന്നേക്കും വാഴ്ത്തപ്പെടുവാൻ ഞാൻ ദോഷ്കല്ല പറയുന്നത് എന്നറിയുന്നു.

ദൈവവേലയിൽ ഇങ്ങനെയുള്ള കഷ്ടപ്പാടുകൾ അഭിമുഖീകരിച്ചു തന്നെ ഒരുക്കിക്കൊള്ളുന്നവർ മാത്രമാണ് യഥാർത്ഥ ദൈവവേല ചെയ്യുവാൻ യോഗ്യത ലഭിച്ചവർ ആകുന്നു.

ആ യുവാവ് എന്റെ മുമ്പിൽ ഇരുന്ന് ഈ വചനങ്ങളെ വായിച്ച ഉടൻ തന്നെ പ്രാർത്ഥനപോലും ചെയ്യാതെ എണീറ്റുപോയി. കാരണം ഈ കഷ്ടങ്ങൾ അനുഭവിച്ച പൌലുസിനെ വായിച്ച ഉടൻ അവൻ ഞെട്ടിപ്പോയി. ആ പയ്യന്റെ ആഗ്രഹം മാത്രമല്ല ഇന്നു പല വിശ്വാസികളുടെ ആഗ്രഹം സ്തുതി ആരാധന ചെയ്യാനും പ്രാർത്ഥിക്കാനും അറിഞ്ഞാൽ ഉടൻ തന്നെ പാസ്റ്റർ

ആകണം എന്നുള്ളതാണ്. തുടർച്ചയായി സാക്ഷി പറഞ്ഞ അനുഭവം ഉണ്ടായി രുന്നാൽ ഉടനേ വലിയ പ്രാസംഗീകൻ ആകണം എന്നു ആഗ്രഹിക്കുന്നു.

യേശുക്രിസ്തുവിനോടുകൂടെ 3 1/2 വർഷം ദൈവവേല ചെയ്ത ശിഷ്യ ന്മാർ മാതാപിതാക്കൾ, തൊഴിൽ, വീട് എല്ലാം വിട്ടിട്ട്. ദൈവവേലക്കു വന്നാൽ **ഞങ്ങൾക്ക് എന്തുകിട്ടും ?** എന്നു ചോദിച്ചു യേശുക്രിസ്തുവിന്റെ ജീവിതത്തെ കണ്ടശേഷവും അവർക്കു പ്രതീക്ഷ ഉണ്ടായിരുന്നു. പല വിശ്വാസികൾ തങ്ങ ളുടെ പാസ്റ്ററുടെ ജീവിതത്തെയും ബംഗ്ലാവിനേയും കാറും ജനങ്ങളുടെ കണക്കു കാണിക്കാത്ത കാണിക്ക വരവും കണ്ടിട്ടു, ഇവർ ഉപയോഗിക്കുന്ന കാറുകൾ സൗകര്യങ്ങൾ കണ്ടിട്ടു വളരെ വേഗത്തിൽ വല്യ പാസ്റ്റർമാരാകുവാൻ ആഗ്ര ഹിക്കുന്നു. T. V. യിലെ പ്രസംഗിമാരേയും പൊതുഇടങ്ങളിൽ രോഗശാന്തി നട ത്തുന്ന ദൈവവേലക്കാരേയും അവർക്ക് കിട്ടുന്ന ബഹുമാനം കാണുമ്പോൾ വിളി ഇല്ലാതെ ദൈവവേലക്കു ഇറങ്ങി ആ സ്റ്റാർ ദൈവവേലക്കാരെപ്പോലെ ആകണം എന്നു ആഗ്രഹിക്കുന്നു. ഇന്നു വടക്കേ ഇന്ത്യയിലും മറ്റുപ്രദേശങ്ങ ളിലും വേല ചെയ്യുന്ന മിഷനറിമാർ M. A. M.Phil, MBA പഠിച്ച വ്യക്തികളായി ഏകദേശം 700 പേർ ദൈവവേല ചെയ്തുകൊണ്ടിരിക്കുന്നു. പൌലുസ് പറഞ്ഞ തുപോലെ ഈ പദവി, കുടുംബ പ്രശസ്തി എല്ലാം ഞാൻ കുപ്പയായി പൊടിയായി ക്രൂശിൽ തറച്ചു. അങ്ങനെയുള്ള വ്യക്തിക്കാണ് പരീക്ഷകളേയും വേദനകളേയും സഹിക്കാൻ സാധിക്കുന്നത്.

ഇതോടെ ഞാൻ അവസാനിപ്പിക്കുന്നു


## ONLINE BANKING (NEFT)

**Name : M G E PUSHPARAJ**

**STATE BANK OF INDIA**

IFSC CODE - IFSC SBIN0001970 -10764116842 **A/C No: 10764116842**

SWIFT CODE - SBININBB300 **A/C No: 10764116842**

**CANARA BANK - SALEM** (SURAMANGALAM BRANCH)

IFSC CODE - IFSC CNRB0001219- 1219101013622. **A/C No: 1219101013622.**

SWIFT CODE - CNRB0001219 -1219101013622. **A/C No: 1219101013622.**

## തെറ്റായ ഉപദേശങ്ങൾ - ജാഗ്രത (ദശാംശം)

**പുതിയ നിയമസഭ**ക്കു ദശാംശ ഉപദേശം കൊടുക്കപ്പെട്ടിട്ടില്ല. ഇന്നത്തെ പെന്തക്കോസ്ത് പാസ്റ്റർമാരും വേറെ ചില സഭക്കാരും ദശാംശത്തിൽ വളരെ ശ്രദ്ധയോടെ ഇരിക്കുന്നു. കാരണം സഭാമക്കളുടെ **ദശാംശം** കൊണ്ടാണ് അവരുടെ ജീവിതം നടക്കുന്നത്.

**യഥാർത്ഥ ക്രിസ്ത്യാനികൾ** തങ്ങൾ ജീവിക്കുന്നത് **സമ്പാദിക്കുന്നത്** പഠിക്കുന്നത് തങ്ങളുടെ **ആരോഗ്യം** എല്ലാം കർത്താവു എനിക്കു **ഭിക്ഷയായി നല്കിയത്** എന്ന **നന്ദി ബോധം** ഉള്ളവർ ദശാംശത്തിന് ഉപരിയായി കാണിക്ക സമർപ്പിക്കും. പ്രാപ്തി പോലെയും പ്രാപ്തിക്കുമീതെയും സ്വമേധയായി, കൊടുത്തു (2 കൊരി. 8:1,7). നന്ദിയുള്ളവർ കർത്താവിനു കാണിക്ക കൊടുക്കുമ്പോൾ ദശാംശത്തിനു ഉപരിയായി തന്നെ കൊടുക്കും.

**-ജാമക്കാരൻ**

**MARCH-2024**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.